**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6440** **20-03-2023 - ൽ മറുപടിയ്ക്ക്**

**നദികൾ മാലിന്യ മുക്തമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുടിവെള്ള സ്രോതസ്സുകൾ മലിനമാകുന്നത് തടയാൻ മറ്റ് വകുപ്പുകളുടെ സഹായത്തോടെ എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | ഡാമുകൾ, കുളങ്ങൾ പോലുള്ള ജലസ്രോതസ്സുകൾ ഒഴികെയുള്ളവ പൂർണ്ണമായി മാലിന്യമുക്തമാക്കി സംരക്ഷിക്കുക എന്നത് പ്രായോഗി കമായി സാധ്യമല്ല. എന്നാൽ, മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും മറ്റ് ജീവജാലങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കുന്നതരത്തിലുള്ള ഗുണനിലവാരം കാത്തു സൂക്ഷിക്കാൻ സാധിക്കും. ഇതിനായി വർദ്ധിച്ച തോതിലുള്ള ജനപങ്കാളിത്തവും ഇതോടൊപ്പം പൗരബോധവും ആവശ്യമാണ്. ഇത് കൂടാതെ ഒരിക്കൽ ശുചിയാക്കിയ ജലസ്രോതസ്സുകളിലേക്ക് മാലിന്യ നിക്ഷേപമോ മലിനജലകുഴലോ എത്തുന്നില്ല എന്ന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഉറപ്പുവരുത്തേണ്ട താണ്. നദീഭാഗങ്ങളുടെ മുകൾ ഭാഗത്തു (UpStream) നിർമ്മിച്ചിട്ടുള്ള തടയണകൾ/ റെഗുലേറ്ററുകൾ എന്നിവയിൽ സംഭരിച്ച വെള്ളം മാലിന്യരൂക്ഷത അനുഭവപ്പെടുന്ന സമയങ്ങളിൽ തുറന്നു വിടുന്നത് വഴി നദീജലത്തിലടങ്ങിയിട്ടുള്ള മാലിന്യത്തിന്റെ തോത് ലഘൂകരിക്കുവാനും സാധിക്കും. ഇതിനു പുറമേ ഓരുവെള്ളക്കയറ്റം മൂലം ജലഗുണനിലവാരം താഴ്ന്നു പോകാതെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ജലസേചന വകുപ്പ് നിർവ്വഹിച്ചുവരുന്നു. 2018 ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം കാണപ്പെടുന്ന അവസരത്തിൽ അവ നിക്ഷേപിക്കുന്നതിനെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ പരാതി സമർപ്പിക്കാറുണ്ട്. ഇവയിൽ പോലീസ് ഉദ്യോഗസ്ഥർ തുടർ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാറുണ്ട്. |

| | | | |
|---|---|---|---|
| | | | ശുചിമുറി മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് തുറന്നു വിടുന്നതിലൂടെ ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും പിഴ ഈടാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്.<br><br>കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പഠനമനുസരിച്ച് കണ്ടെത്തിയ ഇന്ത്യയിലെ 351 Polluted River Stretches ൽ 21 എണ്ണം കേരളത്തിൽ ഉൾപ്പെടുന്നു. ഈ നദികളെ മാലിന്യമുക്തമാക്കുന്ന തിനായും അവയിലെ ജലം കുളിക്കുന്നതിന് അനുയോജ്യമാക്കും വിധം ഗുണനിലവാരം മെച്ചപ്പെടുത്തുവാനും ബഹു.ദേശീയ ഹരിത ട്രൈബ്യൂണൽ OA No.673/2018-ൽ 20.09.2018 -ലെ ഉത്തരവിൻ പ്രകാരം തയ്യാറാക്കിയ 21 നദീഭാഗങ്ങളുടേയും കർമ്മ പദ്ധതികൾ വിവിധ വകുപ്പുകൾ ചേർന്ന് സംയോജിതമായി നടപ്പിലാക്കി വരുന്നു. ടി പദ്ധതികൾ നടപ്പിലാക്കി വരുന്നതിന്റെ അടിസ്ഥാനത്തിൽ 21 നദീഭാഗങ്ങളിൽ 10 എണ്ണം കുളിക്കുന്നതിന് അനുയോജ്യമാകുന്ന നിലവാരം കൈവരിച്ചിട്ടുണ്ട്. മറ്റു ഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ കുളങ്ങളുടെ പുനരുദ്ധാരണത്തിനായി OA No.325/2015 ലെ ഉത്തരവ് പ്രകാരം കർമ്മ പദ്ധതി തയ്യാറാക്കി വിവിധ വകുപ്പുകൾ സംയോജിതമായി നടപ്പിലാക്കി വരുന്നു. |
| (ബി) | നദികളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഡാമുകൾ, കുളങ്ങൾ പോലുള്ള ജലസ്രോതസ്സുകൾ ഒഴികെയുള്ളവ പൂർണ്ണമായി മാലിന്യമുക്തമാക്കി സംരക്ഷിക്കുക എന്നത് പ്രായോഗി കമായി സാധ്യമല്ല. എന്നാൽ, മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും മറ്റ് ജീവജാലങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കുന്നതരത്തിലുള്ള ഗുണനിലവാരം കാത്തു സൂക്ഷിക്കാൻ സാധിക്കും. ഇതിനായി വർദ്ധിച്ച തോതിലുള്ള ജനപങ്കാളിത്തവും ഇതോടൊപ്പം പൗരബോധവും ആവശ്യമാണ്. ഇത് കൂടാതെ ഒരിക്കൽ ശുചിയാക്കിയ ജലസ്രോതസ്സുകളിലേക്ക് മാലിന്യ നിക്ഷേപമോ മലിനജലകുഴലോ എത്തുന്നില്ല എന്ന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഉറപ്പുവരുത്തേണ്ട താണ്. നദീഭാഗങ്ങളുടെ മുകൾ ഭാഗത്തു (UpStream) നിർമ്മിച്ചിട്ടുള്ള തടയണകൾ/ റെഗുലേറ്ററുകൾ എന്നിവയിൽ സംഭരിച്ച വെള്ളം മാലിന്യരൂക്ഷത അനുഭവപ്പെടുന്ന സമയങ്ങളിൽ തുറന്നു വിടുന്നത് വഴി നദീജലത്തിലടങ്ങിയിട്ടുള്ള മാലിന്യത്തിന്റെ തോത് ലഘൂകരിക്കുവാനും സാധിക്കും. ഇതിനു പുറമേ |

| | | | |
|---|---|---|---|
| | | | ഓരുവെള്ളക്കയറ്റം മൂലം ജലഗുണനിലവാരം താഴ്ന്ന പോകാതെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ജലസേചന വകുപ്പ് നിർവ്വഹിച്ചുവരുന്നു. 2018 ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം കാണപ്പെടുന്ന അവസരത്തിൽ അവ നിക്ഷേപിക്കുന്നതിനെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ പരാതി സമർപ്പിക്കാറുണ്ട്. ഇവയിൽ പോലീസ് ഉദ്യോഗസ്ഥർ തുടർ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാറുണ്ട്.<br><br>ശുചിമുറി മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് തുറന്നു വിടുന്നതിലൂടെ ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും പിഴ ഈടാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്.<br><br>കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പഠനമനുസരിച്ച് കണ്ടെത്തിയ ഇന്ത്യയിലെ 351 Polluted River Stretches ൽ 21 എണ്ണം കേരളത്തിൽ ഉൾപ്പെടുന്നു. ഈ നദികളെ മാലിന്യമുക്തമാക്കുന്ന തിനായും അവയിലെ ജലം കുളിക്കുന്നതിന് അനുയോജ്യമാകും വിധം ഗുണനിലവാരം മെച്ചപ്പെടുത്തുവാനും ബഹു.ദേശീയ ഹരിത ട്രൈബ്യൂണൽ OA No.673/2018-ൽ 20.09.2018 -ലെ ഉത്തരവിൻ പ്രകാരം തയ്യാറാക്കിയ 21 നദീഭാഗങ്ങളുടേയും കർമ്മ പദ്ധതികൾ വിവിധ വകുപ്പുകൾ ചേർന്ന് സംയോജിതമായി നടപ്പിലാക്കി വരുന്നു. ടി പദ്ധതികൾ നടപ്പിലാക്കി വരുന്നതിന്റെ അടിസ്ഥാനത്തിൽ 21 നദീഭാഗങ്ങളിൽ 10 എണ്ണം കുളിക്കുന്നതിന് അനുയോജ്യമാകുന്ന നിലവാരം കൈവരിച്ചിട്ടുണ്ട്. മറ്റു ഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ കുളങ്ങളുടെ പുനരുദ്ധാരണത്തിനായി OA No.325/2015 ലെ ഉത്തരവ് പ്രകാരം കർമ്മ പദ്ധതി തയ്യാറാക്കി വിവിധ വകുപ്പുകൾ സംയോജിതമായി നടപ്പിലാക്കി വരുന്നു. |
| (സി) | ചാലിയാർ നദി മാലിന്യമുക്തമാക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കുമോ? | (സി) | കേരളത്തിലെ നാലാമത്തെ വലിയ നദിയായ ചാലിയാർ പുഴയുടെ കേരളത്തിലെ വൃഷ്ടിപ്രദേശം 2535 ചതുരശ്ര.കി.മീറ്റർ ആണ്. ചാലിയാർപ്പുഴ നിലവിൽ നേരിടുന്ന പ്രശ്നം നദിയോടു ചേർന്ന ചെറു പട്ടണങ്ങളിൽ നിന്നും, റോഡിനോടു ചേർന്ന ഓടകളിൽ നിന്നും മാലിന്യം എത്തിച്ചേരുന്നുവെന്നതാണ്. കൂടാതെ, നദിയുടെ വൃഷ്ടി പ്രദേശത്തെ ഭൂവിനിയോഗത്തിൽ വന്നിട്ടുള്ള |

| | | | |
|---|---|---|---|
| | | | മാറ്റവും കാർഷികാവശ്യങ്ങൾക്കുപയോഗിക്കുന്ന രാസകീടനാശിനി/രാസവളം എന്നിവയിൽ നിന്ന് എത്തിച്ചേരുന്ന അവശിഷ്ടങ്ങളും നദിയുടെ ജലഗുണനിലവാരത്തെ ബാധിക്കുന്നതായി കാണുന്നു. 2018-2019 പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ചാലിയാർ പുഴയിലും കൈവഴികളിലും അടിഞ്ഞുകൂടിയ എക്കലും ചെളിയും ഏറെക്കുറെ ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ നീക്കം ചെയ്തിട്ടുണ്ട്. ജലസ്രോതസുകൾ മാലിന്യമുക്തമാക്കി സൂക്ഷിക്കുന്നതിനായി ക്യാംപയിൻ നടത്തുക, ജൈവ വളങ്ങളുടെ ഉപയോഗം, തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയ നടപടികൾ സ്വീകരിക്കുക എന്നിവ വഴി ഒരു പരിധിവരെ നദീജലം മാലിന്യമുക്തമാക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ